# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3332 — 24.06.2013-ൽ മറുപടിക്ക്

<u>കണ്ടൽ വനങ്ങളുടെ സംരക്ഷണം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) | കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | എ) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവ വൈവിദ്ധ്യ വർഷമായ 2010—ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010 – 11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടിയുടെ ഭാഗമായി കണ്ടൽചെടികൾ ഉൽപ്പാദിപ്പിക്കുകയും അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക. കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് ഏക്കറിന് 4000/ രൂപ വീതം പാരിതോഷികമായി നൽകുക. കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനഃജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടപ്പിലാക്കി വരുന്നത് |

| | | | |
|---|---|---|---|
| ഡി) | കണ്ടൽ വനങ്ങൾ വെച്ചു പിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ